പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2858

20.06.2013 -ൽ മറുപടിയ്ക്ക്

**ഉപഭോക്തൃ തർക്ക പരിഹാര കോടതികളിലെ ഫാറങ്ങളിൽ പ്രസിഡന്റുമാരായി വിരമിക്കുന്നവർക്ക് പെൻഷൻ**

**ചോദ്യം**

ശ്രീ. കോവൂർ കുഞ്ഞുമോൻ

**ഉത്തരം**

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) ഉപഭോക്തൃ തർക്ക പരിഹാര കോടതികളിലെ ജില്ലാ സംസ്ഥാന തല ഫാറങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ;

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല. ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റ്, മെമ്പർമാർ എന്നിവരുടെ ഒഴിവ് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | പ്രസിഡന്റ് | മെമ്പർ |
|---|---|---|
| തിരുവനന്തപുരം | – | 2 |
| കൊല്ലം | – | 1 |
| പത്തനംതിട്ട | – | 1 |
| ആലപ്പുഴ | – | 2 |
| കോട്ടയം | – | 1 |
| ഇടുക്കി | – | 1 |
| എറണാകുളം | – | 2 |
| മലപ്പുറം | – | 1 |
| കോഴിക്കോട് | – | 1 |
| വയനാട് | – | 1 |
| കണ്ണൂർ | – | 2 |
| കാസർഗോഡ് | 1 | 1 |
| തൃശ്ശൂർ | -- | -- |
| പാലക്കാട് | -- | – |

(ബി) ജില്ലാ തല ഫാറങ്ങളിലെ പ്രസിഡന്റും മെമ്പർമാരുമായി വരുന്ന അംഗങ്ങളുടെ യോഗ്യത എന്താണ് ;

(ബി) 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ 10(1) (എ) പ്രകാരം സർവ്വീസിലിരിക്കുന്നതോ, വിരമിച്ചതോ ആയ ജില്ലാ ജഡ്ജിയോ

| | |
|---|---|
| | അല്ലെങ്കിൽ ജില്ലാ ജഡ്ജിയായി നിയമിക്കാൻ യോഗ്യതയുള്ളവരെയോ ആണ് ജില്ലാ ഫോറങ്ങളിലെ പ്രസിഡന്റുമാരായി നിയമിക്കുന്നത്. മേൽ നിയമത്തിലെ സെക്ഷൻ 10(1)(ബി) പ്രകാരം 35 വയസ്സിൽ താഴെയല്ലാത്തവരും, അംഗീകൃത യൂണിവേഴ്സിറ്റി ബിരുദവും, സാമ്പത്തികം, നിയമം, കോമേഴ്സ്, അക്കൌണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങളിലും, പൊതുഭരണത്തിലും 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവുമുള്ളവരെയാണ് ഫോറം മെമ്പർമാരായി നിയമിക്കുന്നത്. |
| (സി) ജില്ലാ ജഡ്ജിയുടെ യോഗ്യതയുള്ളവരെയാണോ ജില്ലാ ഫോറങ്ങളിലെ പ്രസിഡന്റായി നിയമിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (സി) 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ 10(1)(എ) പ്രകാരം ജില്ലാ ജഡ്ജിയായി നിയമിക്കാൻ യോഗ്യതയുള്ളവരെയാണ് ജില്ലാ ഫോറങ്ങളിൽ പ്രസിഡന്റായി നിയമിക്കുന്നത്. |
| (ഡി) ഇപ്രകാരം നിയമിക്കപ്പെടുന്ന അഭിഭാഷകർക്ക് വിരമിച്ചു കഴിഞ്ഞാൽ ജില്ലാ കോടതികളിലും താഴെ തലത്തിലുള്ള കോടതികളിലും പ്രാക്ടീസ് ചെയ്യുന്നതിന് വിലക്ക് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ രേഖ ലഭ്യമാക്കുമോ ; | (ഡി) അപ്രകാരമുള്ള വിലക്കൊന്നും നിലവിൽ ഇല്ല. |
| (ഇ) ഇങ്ങനെയുള്ളവർക്ക് പെൻഷൻ നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും സമയബന്ധിതമായി തീരുമാനമെടുക്കുമോ എന്നും വ്യക്തമാക്കുമോ ? | (ഇ) ഇക്കാര്യം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ